കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ജില്ലാ

ഓഡിറ്റ് കാര്യാലയം,മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം. 4/999/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി.07-09-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ളോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)

3)കാര്യാലയ പകർപ്പ്

എം.എ.9/2020

നം.കെ.എസ്.എ.എം.പി.എം.4/999/20 തിയതി:07-09-2020

<u>മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19</u>

<u>സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 27-11-2018 മുതൽ 15-7-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ .ഷാജഹാൻ എ.എസ്,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.07.2020 മുതൽ 28.07.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ. സക്കീർ ഹുസൈൻ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. സന്തോഷ് പി.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ അബ്ദുൾ കലാം മാസ്റ്റർ കരുണിയിൽ | 01-04-2018 മുതൽ<br>31-03-2019 വരെ |
| സെക്രട്ടറി | | ശ്രീ ബൈജു പി | 01-04-2018 മുതൽ<br>05-01-2019 വരെ |
| | | ശ്രീ ഹൈദ്രോസ് പോട്ടേങ്ങൽ | 06-01- 2019 മുതൽ<br>06-02-2019 FN വരെ |
| | | ശ്രീ ജോബിൻ മാരുതി പറമ്പിൽ | 06-02-2019AN മുതൽ 31-03-2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| [illegible] | | | |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ശ്രി സി കെ ഉണ്ണികൃഷ്ണൻ | 01-04-2018 മുതൽ<br>10-04-2018 വരെ |
| | | ശ്രി സജിവ് എം കെ | 11-04-2018 മുതൽ<br>29-04-2018 വരെ |
| | | ശ്രി സി കെ ഉണ്ണികൃഷ്ണൻ | 30-04-2018 മുതൽ<br>31-05-2018 വരെ |
| | | ശ്രി അനിൽ ദാസ് കെ ടി | 01-06-2018 മുതൽ<br>16-08-2018 വരെ |
| | | ശ്രി എ മാധവൻ | 17-08-2018 മുതൽ<br>31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രി ബിബിൻ എൻ വി | 01-04-2018 മുതൽ<br>31-03- 2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | | ശ്രിമതി ലളിതാദേവി പി ടി | 1.4.2018 മുതൽ<br>15.04.2018വരെ<br>28-04-2018 മുതൽ<br>31-03-2019 വരെ |
| . | | ശ്രി രത്നാകരൻ എ കെ | 16-04-2018 മുതൽ<br>27-04-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രി അബ്ദുൾ മഹറൂഫ് . | 1.4.2018 മുതൽ<br>16.07.2018 FN വരെ |
| | | ശ്രീമതി റഫീന ബീവി എം എ | 16-07-2018 AN മുതൽ 1<br>18-09-2018 FN വരെ |
| | | ശ്രീമതി മഞ്ജു വി | 18-09-2018AN മുതൽ 01-10-<br>2018FN വരെ |
| | | ശ്രീമതി ഗായത്രി കെ എസ് | 01-10-2018 AN മുതൽ<br>31-03-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | | ശ്രി ചക്രാധർ ആർ | 01.04.2018 മുതൽ<br>21.09.2018വരെ |
| | | ശ്രിമതി ബിജി പി | 22-09-2018 മുതൽ<br>09-12-2018 വരെ |
| | | ശ്രി എൽദോസ് എം പി | 10-12-2018 മുതൽ<br>03-01-2019 വരെ |
| | | ശ്രി ശ്യാംകുമാർ പി | 04-01-2019 മുതൽ<br>06-02-2019 വരെ |
| | | ശ്രി മനോജ്കുമാർ | 07-02-2029 മുതൽ<br>08-02-2019 വരെ |
| | | ശ്രിമതി ചിത്ര പി | 08-02-2019 മുതൽ<br>13-02-2019 വരെ |
| | | ശ്രി മുനീർ റഹ്മാൻ | 14-02-2-19 മുതൽ<br>31-03-2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | | ശ്രിമതി സ്മിത കെ എസ് | 1.4.2018 മുതൽ<br>09.08.2018 FN വരെ |
| | | ശ്രിമതി പ്രേമലീല വി കെ | 09-08-2018 AN മുതൽ 31-<br>03-2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | | ശ്രിമതി പ്രസന്ന പി | 01-04-2018 മുതൽ 31-03-<br>2019വരെ |

| | | |
|---|---|---|
| അഡീഷണൽ | | |
| മെഡിക്കൽ ഓഫീസർ | ഡോ. സുബൈർ എ | 1. 4.2018 മുതൽ31.03.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക്-അപാകതകൾ | 1-11 |
| 12 | ബൈലോ അംഗീകാരം ലഭ്യമാക്കുകയും വാടക സമയബന്ധിതമായി പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്. | 1-12 |
| 13 | ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ സബ്സിഡി-വിനി.യോഗ വിവരം ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-13 |
| 14 | സ്ഥാപനമേധാവികളുടെ സാക്ഷ്യപത്രമില്ലാതെ മെറിട്ടോറിയസ് സ്കോളർഷിപ്പ് നല്കിയത് | 1-14 |
| 15 | രേഖകൾ ലഭ്യമാക്കിയില്ല | 1-15 |
| 16 | വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-16 |
| 17 | വാഹനത്തിന്റെ ബാറ്ററി മാറ്റിയത്,പഴയ ബാറ്ററിയുടെ വില കുറവ് ചെയ്തില്ല, | 1-17 |
| 18 | സ്പിൽ ഓവർ പ്രോജെക്ടുകൾ പൂർത്തിയാകാനാവുന്നില്ല. | 1-18 |
| 19 | വികസനകാര്യ സ്ഥിരം സമിതി-ഒരു വിലയിരുത്തൽ | 1-19 |
| 20 | നന്നമ്പ്ര വനിതാ ശാക്തീകരണ കേന്ദ്രം പൂർത്തിയാക്കാനായില്ല | 1-20 |
| 21 | ഒലിപ്പാറ തോട് സൈഡ് കെട്ടി സംരക്ഷിക്കൽ പൂർത്തിയാക്കിയില്ല. | 1-21 |
| 22 | തടിയംപറമ്പ് കുടിവെള്ള പദ്ധതി-പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-22 |
| 23 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂനിറ്റിന് നിർമ്മിച്ചകെട്ടിടം പ്രയോജനപ്പെടുത്താനായില്ല. | 1-23 |
| 24 | നെൽകൃഷിക്ക്കൂലിച്ചെലവ്-തുക ഉപയോഗപ്പെടുത്തിയില്ല. | 1-24 |
| 25 | പേവിങ് ബ്ലോക്ക് വിരിക്കൽ-മോണിറ്ററിംഗ് ഫലപ്രദമല്ല | 1-25 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 30 | വായ്പ വായ്പ തിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 34 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 37 | അനുബന്ധം-1 സാക്ഷ്യപത്രം | |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

| | |
|---|---|
| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./ തിയ്യതി | 01/27.03.2018 |
| പുതുക്കിയ ബജറ്റ് തീരുമാന നം./തിയ്യതി | ---- |

1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 22.05.2019 |

1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11942458 |
| വരവ് | 70233861 |
| ആകെ | 82176319 |
| ചെലവ് | 64880114 |
| നീക്കിബാക്കി | 17296205 |

## 1-4 ഫണ്ട് വിനിയോഗം

1-4

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ലാപ്സായ തുക) |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 5,33,58,000 | 5,33,58,000 | 4,06,02913 | 1,27,55087 |
| വികസനഫണ്ട് എസ്.സി.പി. | - | 1,11,39,000 | 1,11,39,000 | 87,66,673 | 23,72,327 |
| വികസനഫണ്ട് ടി.എസ്.പി. | - | 2,53,000 | 2,53,000 | 0 | 2,53,000 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 63,32000 | 63,32,000 | 4,28,7588 | 20,44,412 |
| ട്രഷറി സ്പെഷ്യൽ ടി എസ് ബി ജോയിന്റ് വെഞ്ചർ | 1,46,615 | 48,20,285 | 49,66,900 | 19,91,119 | 29,75,781 |
| ഐ.എ.വൈ പ്ലാൻ | 73,13132 | 67,90,861 | 1,41,03,993 | 68,72,132 | 72,31,861 |
| തനത് ഫണ്ട് | 10,55,966 | 15,82,338 | 26,38,304 | 12,61,669 | 13,76,635 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 8,04,296 | 1,06,62,121 | 1,14,66,417 | 81,31,731 | 33,34,686 |
| ടി എസ് സി | 19,31,979 | 36,85,71 | 23,00,550 | 6,23,767 | 16,76,783 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 95 | 64750000 | 91 | 49369586 | 0 | 4 | 76% |

<u>പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ</u>

ഇല്ല

ലഭ്യമായ വിഭവങ്ങൾ മുഴുവൻ വിനിയോഗിച്ച് പ്രൊജക്ടുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 കാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. കാഷ് ബാലൻസ് ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1 ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ തയ്യാറാക്കിയിട്ടില്ല.

2. നിർവഹണോദ്യോഗസ്ഥർ അവരുടെ പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം തുടർ പ്രവർത്തനങ്ങൾ ഫലപ്രദമായി നിരീക്ഷിക്കുന്നില്ല. ഉദാ: ഡെപ്പോസിറ്റ് വർക്കുകളിൽ വിനിയോഗവിവരങ്ങൾ ലഭ്യമാവാതിരിക്കുക, ഷ്രഡ്ഡിംങ് യൂനിറ്റിന്റെ പ്രവർത്തനം തുടങ്ങിയവ

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്(എ.ഡി.സി) | 02-12-2019 | 01-09-2018 മുതൽ 30-11-2019 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-03-2015 | 2009-10 മുതൽ 2013-14വരെ | 16-06-2015 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ കൊടുക്കുന്നു

. ബാലൻസ് ഷീറ്റ് Schedule B-11(a)-ൽ Capital Work in Progress എന്ന ഹെഡിൽ തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അടങ്ങിയ വർക്ക്-ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ബാലൻസ് ഷീറ്റ്, Schedule B9-ൽ Other Liabilities എന്ന ഹെഡിൽ 1,03,76,938/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച അന്വേഷണത്തിന് നീക്കിയിരിപ്പ് കാണിച്ച തുക ചെലവഴിച്ച്/തിരിച്ചടച്ച് കഴിഞ്ഞിരിക്കാൻ സാധ്യതയുണ്ടെന്ന് വിശദീകരിക്കുകയുണ്ടായി. ചെലവഴിച്ച/ തിരിച്ചടച്ച തുക ആണെങ്കിൽ, അക്കൗണ്ട്സിൽ ആവശ്യമായ ജേണൽ അഡ്ജസ്റ്റ്മെന്റുകൾ വരുത്തേണ്ടതായിരുന്നു. ആയത് ചെയ്തിട്ടില്ല.

3. ബാലൻസ് ഷീറ്റ്, Schedule B9-ൽ Govt and Other Dues Payable - Revenue Recovery എന്ന ഹെഡിൽ കഴിഞ്ഞ 2017-18, 2018-19 വർഷങ്ങളിൽ 723902/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട് . ഇത് സംസ്ഥാന/കേന്ദ്ര സർക്കാരിലേക്ക് തിരിച്ചടക്കേണ്ട തുകകളാണ്. പ്രസ്തുത തുകകൾ ഇതുവരെ അടവാക്കിയിട്ടില്ല.

4. ബാലൻസ് ഷീറ്റ്, Schedule B15-ൽ Rent Receivables from Buildings (Arrears) എന്ന ഹെഡിൽ [(-)5499] ആണ് ബാലൻസ് കാണിച്ചിരിക്കുന്നത് . ഇത് വരും വർഷങ്ങളിലേക്ക് മുൻകൂർ ലഭിച്ച തുക ആണെങ്കിൽ Schedule B9-ൽ Advacnce Collection of Revenue എന്ന ഹെഡിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതായിരുന്നു.

## 1-12 ബൈലോ-അംഗീകാരം ലഭ്യമാക്കുകയും വാടക സമയബന്ധിതമായി പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം കെട്ടിടം വാടകയ്ക്കു കൊടുക്കുമ്പോൾ അതുമായി ബന്ധപ്പെട്ടുന്ന നിബന്ധനകളും നിരക്കുകളും ഉൾപ്പെടുന്ന ഒരു ബൈലോ തയ്യാറാക്കുവാൻ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കുന്ന നടപടിക്രമം)ചട്ടങ്ങൾ 1995 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഇതു സംബന്ധിച്ച ബൈലോയുടെ കരട് തയ്യാറാക്കിയെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല. അംഗീകാരം വാങ്ങുകയും ചെയ്തിട്ടില്ല.ആയതിനു വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.ഇതു സംബന്ധിച്ച 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിട്ടുണ്ട്. ബൈലോ തയ്യാറാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ 2018-19 വർഷത്തിൽ 1,95,240 കുടിശ്ശികയായി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.വാടക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ സബ്സിഡി-വിനിയോഗ വിവരം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പ്രോജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്ട് നമ്പർ/പേര് | 62/18-19ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ സബ്സിഡി<br><br>അടങ്കൽ- 5,00,000 വികസന ഫണ്ട് |

| | |
|---|---|
| | ചെലവ്- 5,00,000 രൂപ |
| നിർവഹണ ഉദ്യാഗസ്ഥൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |

ക്ഷീരകർഷകർക്ക് ക്ഷീരസഹകരണ സംഘങ്ങൾ വഴി 50% സബ്സിഡിയോടെ (പരമാവധി 10,000 രൂപ) കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ് പ്രോജെക്ട്.മേൽ പ്രോജെക്ടിന്റെ ഭാഗമായി വികസന ഫണ്ടിൽ നിന്നും ബിൽ നമ്പർ നമ്പർ 17/18-19 തി. 22-3-19 പ്രകാരം 88,683രൂപ പിൻ വലിച്ചിട്ടുണ്ട്.ആയത് വിവിധ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ 52,166 രൂപ കൊടക്കാട് ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.മേൽ തുക വിനിയോഗിച്ച് ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യമായതിന്റെ വിവരവും പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയില്ല.ആയതിനാൽ പ്രസ്തുത ചെലവ് തുക 52,166 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നൽകിയ 1/22-7-20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.

## 1-14 സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രമില്ലാതെ മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയത്

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതിയിൽ (SC വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ് 52/18) താഴെ പറയുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് അവർ പഠിക്കുന്ന സ്ഥാപനമേധാവികളുടെ സാക്ഷ്യപത്രമില്ലാതെയാണ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്. ആകെ അടങ്കൽ തുകയായ (SCP)569500/-രൂപയിൽ 560000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേരും പഠിക്കുന്ന കോഴ്സും | ബിൽ നമ്പർ | നല്കിയ തുക |
|---|---|---|---|
| 1 | ദൃശ്യ കെ, D/o ഭാസ്കരൻ, കുന്നമ്മൽ വീട്, തെയ്യാല, നന്നമ്പ്ര TTI | 05/12.12.18 | 15,000 |
| 2 | ശ്യാംഞ്ജലി പി, പൊളിവേടത്ത് വീട്, പറമ്പിൽപീടിക പി.ഒ MBA | 05/12.12.18 | 30,000 |
| 3 | രശ്മി കെ, കോലക്കാട് വീട്, വള്ളിക്കുന്ന് നോർത്ത് ITI | 09/22.03.19 | 15,000 |
| | | ആകെ | 60,000 |

സ്ഥാപനമേധാവികൾ നല്കിയ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (04/23.07.2020) മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അതുവരെ ചെലവ് തുക തടസം ചെയ്യുന്നു.

## 1-15 രേഖകൾ ലഭ്യമാക്കിയില്ല

താഴെ പറയുന്ന വൗച്ചറുകൾ/ബില്ലുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ചെലവഴിച്ച തുകകളുടെ വിനിയോഗവിവരങ്ങൾ/രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ/ ബിൽ നമ്പർ | തുക | ചെലവിനം | ലഭ്യമല്ലാത്ത രേഖകൾ |
|---|---|---|---|---|
| 1 | 21800175/ | 25,000 | കർഷകദിനത്തിന് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ | കൈപ്പറ്റ് |

| | | | | |
|---|---|---|---|---|
| | 10.08.18 | | ഓഫീസർ,മലപ്പുറത്തിന് ബ്ലോക്ക് ഷെയർ നല്കിയത് | |
| 2 | 21800245/ 26.09.18 | 1,10,000 | ദുരിതാശ്വാസപ്രവർത്തനത്തിന്റെ ഭാഗമായി ആയുർവേദമെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് മൂന്നിയൂർ ഗ്രാമപഞ്ചായത്തിന് നല്കിയത് | കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ |
| 3 | ബിൽ 08/16.07.18 | 10,00,000 | 37/19 SC കുടിവെള്ള പദ്ധതി പ്രൊജക്ടിൽ തേഞ്ഞിപ്പലം ഗ്രാപഞ്ചായത്തിന് നല്കിയത് | കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ |
| 4 | 33/20.12.18 | 8,30,597 | 34/19ബ്ലോക്ക് പരിധിയിൽ ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ KSEB ൽ ഡെപ്പോസിറ്റ് | കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ |
| | 62/25.03.19 | 1,24,903 | | |
| 5 | 27/17.11.18 | 10,00,000 | 27/19 പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ KWA ഡെപ്പോസിറ്റ് | കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ |
| | 20/26.09.18 | 4,30,000 | | |
| 6 | 32/19.12.18 | 7,00,000 | 101/19 അംഗനവാടി കെട്ടിടനിർമ്മാണം മൂന്നിയൂർ ഗ്രാമപഞ്ചായത്ത് വിഹിതം നല്കൽ | കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ |
| 7 | 29/24.11.18 | 5,00,000 | 102/19 കാട്ടുകുഴി പരേക്കാട് അംഗനവാടി പുനരുദ്ധാരണം- തേഞ്ഞിപ്പ ലം ഗ്രാമപഞ്ചായത്തിന് വിഹിതം നല്കൽ | കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ |
| 8 | 10/16.07.18 | 2,00,000 | 19/19 വയോജനക്ഷേമപ്രവർത്തനങ്ങൾക്ക് നന്നമ്പ്ര, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ | കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ |
| | 35/24.12.18 | 11,00,000 | | |
| 9 | 07/16.07.18 | | 21/19 ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ബ്ലോക്ക് വിഹിതം | കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ |
| | തേഞ്ഞിപ്പലം | 2,75,000 | | |
| | | | | |
| | നന്നമ്പ്ര | 3,00,000 | | |
| | വള്ളിക്കുന്ന് | 6,00,000 | | |
| | ആകെ | 71,95,500 | | |

ഓഡിറ്റ് അന്വേഷണത്തിന് 05/23.07.2020) മറുപടി ലഭിച്ചില്ല. ചെലവ് തുക തടസം ചെയ്യുന്നു.

കുറിപ്പ്:- മൂന്നിയൂർ ഗ്രാമപഞ്ചായത്തിന് ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിതരണം എന്ന പ്രൊജക്ടിൽ അവശേഷിക്കുന്ന തുകയായ 2300/-രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ 99/19 നമ്പർ പ്രൊജക്ടിൽ (പട്ടികജാതിക്കാർക്ക് കട്ടിൽ,

ബൾബ്, ലാപ്പ്ടോപ്പ്, സൈക്കിൾ, സർവേയും, പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ) 17,450/- രൂപ നന്നമ്പ്ര ഗ്രാമപഞ്ചായത്തിനും 5,17,550/- രൂപ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിനും യഥാക്രമം 02/28.07.18, 01/28.07.18 എന്നീ ട്രഷറി ബില്ലുകൾ പ്രകാരം പിൻവലിച്ച് തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗവിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

തുക ലഭിച്ചതിന്റെ രശീതി, വിനിയോഗവിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (07/23.07.2020) ആയത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽനിന്ന് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് തുക ആകെ 535000/-രൂപ തടസം ചെയ്യുന്നു.

## 1-17 വാഹനത്തിന്റെ ബാറ്ററി മാറ്റിയത്. പഴയ ബാറ്ററിയുടെ വില കുറവ് ചെയ്തില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21800190/30.08.2018 തനത് ഫണ്ട് വൌച്ചർ പ്രകാരം വിവധ ആവശ്യങ്ങൾക്ക് 9745 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 7000 രൂപ KL 65A 5555 വാഹനത്തിന്റെ ബാറ്ററി മാറ്റുന്നതിനാണ് വിനിയോഗിച്ചത്. വാഹനത്തിന്റെ ഡ്രൈവറുടെ അഭ്യർത്ഥന പ്രകാരമാണ് തുക ചെലവഴിച്ചത്. ഓറുവിൽ കാർ കെയർ എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. പവർസോൺ ബാറ്ററി എന്ന് രേഖപ്പെടുത്തി ജി.എസ്.ടി ഉൾപെടെ ഏഴായിരം രൂപയാണ് ഇൻവോയ്സ് തുക. എന്നാൽ വാഹനത്തിന്റെ തകരാറിലായ ബാറ്ററി എന്ത് ചെയ്തു എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ക്രാപ്പിന്റെ വില ഇൻവോയ്സിൽ കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല.

തൽ വർഷത്തെ വാർഷിക പദ്ധതിയിൽ പൊതുമരാമത്ത് മേഖലയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആകെയുള്ള 8 വർക്കുകളിൽ 7 എണ്ണവും , അസിസ്റ്റന്റ് എഞ്ചിനീയറുടെ 37 പ്രോജക്ടുകളിൽ 20 എണ്ണവും ഉൾപ്പെടെ 27 സ്പിൽഓവർ വർക്കുകളാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതിലെ 21 പ്രവൃത്തികളും തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട് .6 പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവർ ആവേണ്ട സാഹചര്യം ആണ്. മാത്രമല്ല നിർവഹണം ആരംഭിച്ച പകുതി വർക്കുകളും ഇനിയും പൂർത്തിയായിട്ടില്ല . സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.മാത്രമല്ല 6 പൊതുമരാമത്ത് പ്രോജക്ടുകൾ 2019-20 വർഷത്തേക്ക് സ്പിൽ ഓവറായി എന്നത് പദ്ധതി പ്രവർത്തനങ്ങളിലെ ആസൂത്രണ നിർവഹണ ഘട്ടങ്ങളിലെ വീഴ്ച്ചകൾ കാരണമാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതീയിൽ വിനിയോഗിക്കാനാവുന്നില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഇത്രയധികം സ്പിൽഓവർ പ്രോജക്ടുകൾ ഉണ്ടായത് ഏങ്ങിനെ എന്ന് ഭരണസമിതി വിശകലനം നടത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 വികസന കാര്യസ്ഥിരം സമിതി- പ്രൊജക്ട് നിർവ്വഹണ പുരോഗതി വിലയിരുത്തുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കുന്നതും. വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സ് പരിശോധനയിൽ നിന്ന് വ്യക്തമാവുന്നു.

ഓഡിറ്റ് കാലയളവിൽ വികസന കാര്യസ്ഥിരം സമിതി 13 തവണ യോഗം ചേർന്ന് പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം അടുത്ത വർഷത്തേക്കുള്ള പദ്ധതി രൂപീകരണ ചർച്ച എന്നിവ നടത്തുന്നതായി മിനുടസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല. പ്രത്യേകിച്ച് നിർവഹണം ആരംഭിച്ചിട്ടില്ലാത്ത / നിർവഹണ പുരോഗതിയില്ലാത്ത പ്രോജക്ടുകടെ കാര്യത്തിൽ വിശകലനം നടത്തുന്നില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. പ്രോജക്ടുകളുടെ നിർവഹണ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടുന്നതിനും സ്ഥിരം സമിതി ജാഗ്രത പുലർത്തേണ്ടതുണ്ട്.

പ്രോജക്ടുകളുടെ ആവശ്യകത, സാധ്യത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ വികസന സ്ഥിരം സമിതി ബാധ്യസ്ഥമാണ് . പദ്ധതി രൂപീകരണ പ്രക്രിയ നേരത്തേ പൂർത്തിയാക്കി, ഭരണ സാങ്കേതികാനുമതി ലഭ്യമാക്കി, യഥാസമയം കരാർ വെച്ച്, സൈറ്റ് കരാറുകാർക്ക് കൈമാറിയിട്ടും പ്രവൃത്തികൾ പൂർത്തിയാകാതിരുന്നത് എന്ത് കൊണ്ട് എന്ന് സ്ഥിരം സമിതി സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കിയിട്ടില്ല.

### 1-20 നന്നമ്പ്ര വനിതാ ശാക്തീകരണ കേന്ദ്രം പൂർത്തിയാക്കാനായില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 83/19 സ്പിൽ ഓവർ പ്രോജക്ട് നന്നമ്പ്ര ഗ്രാമ പഞ്ചായത്തിലെ കരിങ്കല്ലത്താണി വനിതാ ശാക്തീകരണ കേന്ദ്രം നിർമിക്കുന്നതിനാണ്. ആറ് ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. പ്ലാൻ വിഹിതം 6 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിന് ബിൽ 14/17.02.2019 പ്രകാരം 421853 രൂപ ചെലവുണ്ട്. ഇ-ടെണ്ടറിൽ 502154 രൂപ നിരക്ക് രേഖപ്പെടുത്തിയ മുഹമ്മദ് സലീം .പി എന്ന കരാറുകാരനാണ് വർക്ക് നിർവഹിക്കുന്നത്.

വൈദ്യുതികരണ പ്രവൃത്തി ഒഴികെയുള്ള എല്ലാ വർക്കുകളും ഉൾപെട്ടതാണ് 2017/137562 നം. എസ്റ്റിമേറ്റ്. എന്നാൽ എസ്റ്റിമേറ്റിലെ 20 ഇനം വർക്കുകൾ ചെയ്യാതെ ഫൈനൽ ബിൽ നൽകിയതായിട്ടാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജനൽ, വാതിൽ കട്ടില സ്ഥാപിക്കൽ, അനുബന്ധ വർക്കുകൾ, പെയിന്റിങ്ങ്, പൈപ്പ് ഫിറ്റിങ്ങ്സ് എന്നിവ ഒഴിവാക്കിയതായിട്ടാണ് വർക്ക് ഫയലിൽ നിന്ന് വ്യക്തമാവുന്നത്. ടെണ്ടർ ബിലോ ക്വാട്ട് ചെയ്ത വർക്കുകളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾ പൂർത്തിയാക്കാതെ ബിൽ സെറ്റിൽ ചെയ്യുന്നത് ആശാവഹമായ പ്രവണതയല്ല.

പദ്ധതി രൂപീകരണ പ്രക്രിയ നേരത്തേ പൂർത്തിയാക്കി, ഭരണ സാങ്കേതികാനുമതി ലഭ്യമാക്കി, യഥാസമയം കരാർ വെച്ച്, സൈറ്റ് കരാറുകാർക്ക് കൈമാറിയ സ്പിൽ ഓവർ പ്രവൃത്തി മതിയായ കാരണം രേഖപ്പെടുത്താതെ, പൂർത്തിയാകാതിരുന്നത് എന്ത് കൊണ്ട് എന്ന് വ്യക്തമാക്കേണ്ടതാണ്

### 1-21 ഒലിപ്പാറ തോട് സൈഡ് കെട്ടി സംരക്ഷിക്കൽ. പൂർത്തിയാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 77/19 സ്പിൽ ഓവർ പ്രോജക്ട് മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ ഒലിപ്പാറ തോട് സൈഡ് കെട്ടി സംരക്ഷിക്കുന്നതിനാണ്. അഞ്ച് ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. പ്ലാൻ വിഹിതം അഞ്ച് ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിന് ബിൽ 07/28.02.2019 പ്രകാരം 161428 രൂപ ചെലവുണ്ട്. ഇ-ടെണ്ടറിൽ 496260 രൂപ നിരക്ക് രേഖപ്പെടുത്തിയ എ.കെ ബാബു എന്ന കരാറുകാരനാണ് വർക്ക് നിർവഹിക്കുന്നത്.

138 മീറ്റർ നീളത്തിൽ എർത്ത് വർക്ക് നടത്തി ഡി.ആർ വർക്ക് ചെയ്യുന്നതിനും മുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിനും ഗ്യാപ്പുകളിൽ മണ്ണ് ഫിൽ ചെയ്യുന്നതിനുമാണ് പ്രധാനമായും തുക വകയിരുത്തിയത്. കൂടാതെ,മുമ്പ് തകർന്ന ചെറിയൊരു ഭാഗം ആർ. ആർ വർക്ക് ചെയ്യുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.കരാറുകാരനുമായി 06/27.10.2017 പ്രകാരം കരാർ വെച്ച വർക്കിന് 120 ദിവസമാണ് പൂർത്തീകരണ കാലാവധി. സ്പിൽ ഓവർ വർക്കായിട്ടും ഈ പ്രവൃത്തി നാളിത് വരെ പൂർത്തിയാക്കാനായിട്ടില്ല എന്ന് കാണുന്നു. പ്രവൃത്തിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ 312/18-19 അളവ് പുസ്തകത്തിൽ 13. 09. 2018 ന് ശേഷം യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല .

യഥാസമയം കരാർ വെച്ച്, സൈറ്റ് കരാറുകാർക്ക് കൈമാറിയ സ്പിൽ ഓവർ പ്രവൃത്തി മതിയായ കാരണം രേഖപ്പെടുത്താതെ, പൂർത്തിയാകാതിരുന്നത് എന്ത് കൊണ്ട് എന്ന് വ്യക്തമാക്കേണ്ടതാണ്. ചെലവഴിച്ച തുക പാഴ് ചെലവാകാതിരിക്കാൻ അടിയന്തിരമായി പ്രവൃത്തി പൂർത്തീരിക്കുന്നതിന് ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്.

### 1-22 തടിയം പറമ്പ് കുടിവെള്ള പദ്ധതി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ 96/19 സ്പിൽ ഓവർ പ്രോജക്ട് വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ തടിയം പറമ്പ് കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിനാണ്. എസ്. സി. പി ഫണ്ട് ഇരുപത് ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. അത്രയും തുക വകയിരുത്തിയ പ്രോജക്ടിന് ബിൽ 21/16.03.2019 പ്രകാരം 367678 രൂപ ചെലവുണ്ട്. ഇ-ടെണ്ടറിൽ (single tender) 19,71,919 രൂപ നിരക്ക് രേഖപ്പെടുത്തിയ മുസ്തഫ. കെ എന്ന കരാറുകാരനാണ് വർക്ക് നിർവഹിക്കുന്നത്.

കിണർ, പമ്പ് ഹൗസ്, ഓവർ ഹെഡ് ടാങ്ക്, പമ്പിങ്ങ് മെയിൻ, വിതരണ ലൈൻ, 5 hp മോട്ടോർ , വൈദ്യുതികരണം എന്നിവക്കാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത്.

ഭൂഗർഭ ജല വകുപ്പിന്റെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കിണർ നിർമാണം ആരംഭിക്കുന്നത്. എന്നാൽ കിണർ നിർമാണം പൂർത്തിയാക്കിയെങ്കിലും യീൽഡ് ടെസ്റ്റ് നടത്തിയിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. യീൽഡ് ടെസ്റ്റ് നടത്തുന്നതിന് 7105 രൂപ അടവാക്കാൻ നിർദേശിച്ച് ഭൂഗർഭ ജല വകുപ്പിന്റെ കത്ത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ടിനായി വകയിരുത്തിയ തുകയിൽ നിന്നോ, തനത് ഫണ്ടിൽ നിന്നോ തുക അടവാക്കിയിട്ടില്ല.

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 പ്ലാസ്റ്റിക്ക് ഷ്രഡിങ്ങ് യൂനിറ്റിന് നിർമ്മിച്ച കെട്ടിടം പ്രയോജനപ്പെടുത്താനായില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ നിർവഹണം നടത്തിയ 98/19 സ്പിൽ ഓവർ പ്രോജക്ട് പ്ലാസ്റ്റിക്ക് ഷ്രഡിങ്ങ് യൂനിറ്റിന് കെട്ടിടം പണിയുന്നതിനാണ്. ആകെ എസ്റ്റിമേറ്റ് 22 ലക്ഷം രൂപയാണ്. നടപ്പ് വർഷം പ്ലാൻ ഫണ്ട് ജനറൽ പതിനാല് ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. അത്രയും തുക വകയിരുത്തിയ പ്രോജക്ടിന് ഓഡിറ്റ് വർഷം ബിൽ 20/12.03.2019 പ്രകാരം 1279739 രൂപ ചെലവുണ്ട്. ഇ-ടെണ്ടറിൽ 2161782 രൂപ നിരക്ക് രേഖപ്പെടുത്തിയ മുസ്തഫ. കെ എന്ന കരാറുകാരനാണ് വർക്ക് നിർവഹിക്കുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-ബ്ളോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ മുന്നിലാണ് നിലവിൽ കെട്ടിടം നിർമിച്ചിട്ടുള്ളത്. പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽ നിർമിക്കാനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. സ്ഥല ലഭ്യത പ്രയാസകരമായതിനാൽ ബ്ളോക്ക് പഞ്ചായത്ത് തീരുമാന പ്രകാരമാണ് സൈറ്റ് മാറ്റുന്നത്. പ്രോജക്ട് രൂപികരണം വേണ്ടത്ര തയ്യാറെടുപ്പുകൾ നടത്താതെയാണ് നിർവഹിച്ചത് എന്ന് ഇത് വ്യക്തമാക്കുന്നു.

2-കെട്ടിട നിർമാണം പൂർത്തിയാക്കി എങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല എന്ന് പദ്ധതി രേഖകൾ വ്യക്തമാക്കുന്നു. ആവശ്യമായ മെഷിനറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കാത്തത് പ്രോജക്ട് പൂർണ അർത്ഥത്തിൽ ബ്ളോക്ക് പഞ്ചായത്ത് പരിസരത്ത് പ്രായോഗികമല്ല എന്ന് ബോധ്യപെട്ടതിനാലാണ് എന്ന് വ്യക്തമാവുന്നു.

3-നിലവിൽ കെട്ടിടത്തിന്റെ വൈദ്യുതികരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട് എന്ന് കാണുന്നു. എന്നാൽ കെട്ടിടം നാളിത് വരെ പ്രയോജനപെടുത്താൻ സാധിച്ചിട്ടില്ല . തുടർന്നുള്ള വർഷങ്ങളിലെ പുതിയ പ്രോജക്ടിനായി വകയിരുത്തിയ തുക ഉൾപെടെ നാളിത് വരെ ഈ കെട്ടിടത്തിനായി 2476375 രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നുണ്ട്. കെട്ടിടം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 നെൽകൃഷിക്ക് കൂലി ചെലവ്.വിനിയോഗ വിവരം ലഭ്യമല്ല

കൃഷി അസിസ്റ്റന്റ് ഡയരക്ടർ നിർവഹണം നടത്തിയ 51/19 പ്രോജക്ട് നെൽകൃഷിക്ക് കൂലി ചെലവ് ( ബ്ളോക്ക് ഷെയർ) നൽകുന്നതിനുള്ളതാണ്. ഇതിനായി ഇരുപത് ലക്ഷം രൂപ വകയിരുത്തുകയും നാല് ബില്ലുകളിലായി അത്രയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ടിന്റെ ഭാഗമായി മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന് 275000 രൂപയും, തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന് 600000 രൂപയും, വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിന് 300000 രൂപയും നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന് 825000 രൂപയും അനുവദിച്ചിട്ടുണ്ട്. ആദ്യ മൂന്ന് ഗ്രാമ പഞ്ചായത്തുകളും തുക വിനിയോഗിച്ച വിശദാംശങ്ങൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

എന്നാൽ ബിൽ 06/20.01.2019 പ്രകാരം നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുകയുടെ വിനിയോഗ വിവരം ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് 2168340 രൂപ പ്ലാൻ വിഹിതവും, 831660 രൂപ തനത് ഫണ്ടും, 825000 രൂപ ബ്ളോക്ക് ഷെയറും ഉൾപെടുത്തി പ്രോജക്ട് തയ്യാറാക്കിയതായ രേഖ ഫയലിൽ ഉണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുക വിനിയോഗിച്ച വിവരം ലഭ്യമല്ല.

വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

### 1-25 പേവിങ്ങ് ബ്ലോക്ക് വിരിക്കൽ- മോണിറ്ററിങ്ങ് ഫലപ്രദമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 87/19 സ്പിൽ ഓവർ പ്രോജക്ട് ബ്ളോക്ക് ഓഫീസ് കെട്ടിടം നവീകരിക്കുന്നതിനാണ്. റോഡിതര മെയിന്റനൻസ് ഗ്രാന്റ് 4.5 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയത്. പ്രോജക്ട് നിർവഹിക്കുന്നതിന് ബിൽ 2/26.06.2018 പ്രകാരം 450000 രൂപ ചെലവുണ്ട്.

ബ്ളോക്ക് പഞ്ചായത്തിലേക്കുള്ള വഴി പേവിങ്ങ് ബ്ലോക്ക് വിരിക്കുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്. എസ്റ്റിമേറ്റ് നിരക്കിൽ മുഹമ്മദ് കുട്ടി . പി.കെ എന്ന കരാറുകാരനാണ് വർക്ക് ഏറ്റെടുക്കുന്നത്.

അളവ് പുസ്തകം 295/17-18 പ്രകാരം 15cm കനത്തിൽ GSB ബലപ്പെടുത്തിയ ശേഷം (Dsr 2016/37.25 Cl/ item 51.2.3 ) 60mm കനം ഉള്ള പേവിങ്ങ് ബ്ലോക്ക് (dsr 16.6.8) വിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇനം 16.6.8 പ്രകാരം 50mm ബഡിലാണ് കട്ട വിരിക്കുന്നത്. ഫലത്തിൽ Gsb ഉൾപെടെ 20cm കനത്തിലുള്ള ബഡിലാണ് കട്ട വിരിക്കുന്നത് എന്ന് വ്യക്തം.

എന്നാൽ ഇത്രയും കനത്തിൽ ബഡ് ഉപയോഗിച്ചല്ല വർക്ക് നിർവഹിച്ചത് എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ബ്ലോക്ക് ഓഫീസ് പോർച്ചിന്റെ ഭാഗത്തും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കെട്ടിടത്തിന്റ മുന്നിലും കുഴികൾ രൂപപെട്ടതായി കാണുന്നുണ്ട്. വർക്കിന്റെ ക്വാളിറ്റി എഞ്ചിനീയറിങ്ങ് വിങ്ങ് പുനപരിശോധിക്കേണ്ടതും കരാറുകാരന്റെ സ്വന്തം ചെലവിൽ അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തിയിലാണ് തുക ചെലവഴിക്കാവുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ച നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16-08-19 മുതൽ 17-08-19 വരെ | കെ.എസ്.എ.എം.പി.എം4/1521/2019 തി. 24.08.2019 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് | 25,000 | പി എംഎവൈ -പട്ടികജാതി അധിക വിഹിതം | 25,000 | 0 |
| പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് | 68,000 | പി എം എ വൈ-പട്ടികാതി അധികവിഹിതം | 68,000 | 0 |
| വള്ളികുന്ന് ഗ്രാമ പഞ്ചായത്ത് | 70,000 | പി എം എ വൈ ജനറൽ | 70,000 | 0 |
| പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് | 60,000 | പി എംഎവൈ – ജനറൽ | 60,000 | 0 |
| നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് | 70,000 | പി എം എ വൈ- ജനറൽ | 70,000 | 0 |
| തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് | 1,40,000 | പി എംഎ വൈ – ജനറൽ | 1,40,000 | 0 |
| തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് | 70,000 | പി എം എ വൈ – പട്ടികജാതി | 70,000 | 0 |
| പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് | 15,00,000 | ക്ലസ്റ്റർ സ്കൂളുകളിൽ വെർച്വൽ ക്ലാസ്സ് റൂം സ്റ്റുഡിയോ ഗ്രാമ പഞ്ചായത്ത് വിവിതം | 11,08,392 | 3,91,608 |
| ജില്ലാ പഞ്ചായത്ത് | 5,00,000 | പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽ മുലയൂട്ടൽ കേന്ദ്ര നിർമ്മാണം | 0 | 5,00,000 |
| നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് | 7,95,000 | ഷ്രെഡ്ഡിംഗ് യൂനിറ്റ് | 0 | 7,95,000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | വൗച്ചർ,ബിൽ നമ്പർ | നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|---|
| കെ എസ്ഇബി | 34/2019 ബ്ലോക്ക് പരിധിയിൽ ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ പനക്കത്താഴം ഇല്ലത്ത് തോട് മുതൽ പരപ്പിൽ തോട് വരെ ത്രി ഫേസ് ലൈൻ | 181506630176009631/ 19-12-18 | 3,34,870 | 0 | പൂർത്തീകരിച്ചിട്ടില്ല | 3,34,870 |
| കെ എസ് ഇ ബി | 34/2019 വട്ടപ്പറമ്പ് പ്രദേശത്ത് ട്രാൻസ് ഫോർമർ സ്ഥാപിക്കൽ | 18150663017600963165/ 19-12-18 | 4,95,727 | 0 | പൂർത്തീകരിച്ചിട്ടില്ല | 4,95,727 |
| കെ എസ് ഇ ബി | 34/2019 മുന്നിയൂർ പട്ടിശ്ശേരി പാടം ത്രി ഫേസ് ലൈൻ നിർമ്മാണം | 181506630176011162/ 25-1-19 | 1,24,903 | 0 | പൂർത്തീകരിച്ചിട്ടില്ല | 1,24,903 |
| കേരളവാട്ടർ അതോറിറ്റി | 27/19 മുന്നിയൂർ ഗ്രാമപഞ്ചായത്തിലെ | 181506630176006010 4/ 19-9-18 | 2,00,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 2,00,000 |

| | | | | | | |
|---|---|---|---|---|---|---|
| | നൽക്കണ്ടം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | | | | |
| കേരളവാട്ടർ അതോറിറ്റി | 27/19 മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ മക്കാട് ഏരിയ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 18150663017600560104/ 19-6-18 | 2,30,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 2,30,000 |
| കേരള വാട്ടർ അതോറിറ്റി | 27/19 മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ തയ്യിലക്കടവ് അവുഞ്ഞിത്തറ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 18150663017600764624/ 7-11-18 | 3,70,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 3,70,000 |
| കേരള വാട്ടർ അതോറിറ്റി | 27/2019 മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ തയ്യിലക്കടവ് മാതാപ്പുഴ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 18150663017600764624/ 7-11-18 | 3,00,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 3,00,000 |
| കേരള വാട്ടർ അതോറിറ്റി | 27/19 മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ ചേർന്നൂൽ പള്ളി സ്കൂൾ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കലൽ | 18150663017600764624/ 7-11-18 | 3,30,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 3,30,000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3(32) | 2010-11 | | ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയ അഡ്വാൻസുകൾ തിരികെ ഈടാക്കുന്നത്. | നടപടികൾ തുടരുന്നു |

### 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70233861 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64880114 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 86,67,666 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 52,166 | ഗായത്രി കെ എസ്<br>ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 1-14 | 60,000 | എൽദോസ് എം പി<br>പട്ടികജാതി വികസന ഓഫീസർ-45,000 രൂപ<br><br>മുനീർ റഹ്മാൻ<br>പട്ടികജാതി വികസന ഓഫീസർ-15,000 രൂപ |
| 1-15 | 71,95,500 | ബൈജു പി<br>സെക്രട്ടറി |
| 1-16 | 5,35,000 | ചക്രാധർ ആർ<br>പട്ടികജാതി വികസന ഓഫീസർ |
| 1-24 | 8,25,000 | ലളിതാദേവി പി ടി<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 97-98 | എൽ.എഫ്.എം.12/40/00/23-9-00 | 15 | |
| | [illegible] | | |

| | | | |
|---|---|---|---|
| 99-00 | എൽ.എഫ്.എം.12/490/00/7-6-01 | 1 | |
| 2000-01 | എൽ.എഫ്.എം.16/1914/12/2-11-12 | 1 | |
| 2001-02 | എൽ.എഫ്.എം.14/1672/06/29-3-07 | 1 | |
| 02-03 | എൽ.എഫ്.എം.17/1693/06/14-3-07 | 4 | |
| 03-04 | എൽ.എഫ്.എം.4/225/12/31-10-12 | 1 | |
| 04-05 | എൽ.എഫ്.എം.17/932/07/7-5-08 | 3 | |
| 05-06 | എൽ.എഫ്.എം.4/256/12/15-9-12 | 3 | |
| 06-07 | എൽ.എഫ്.എം.16/2499/12/30-10-12 | 4 | |
| 07-08 | എൽ.എഫ്.എം.16/2500/12/21-1-13 | 17 | |
| 08-09-11-12 | എൽ.എഫ്.എം.4/2430/13/6-3-14 | 8 | |
| 12-13-13-14 | എൽ.എഫ്.എം.4/2483/14/31-10-14 | 6 | |
| 2014-15 | കെ.എസ്.എ.എംപിഎം.4/345/16/9.3.16 | 11 | |
| 2015-16 | കെ.എസ്.എ.എംപിഎം.4/551/17/17.3.17 | 10 | |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.4/2337/2017തി.01-11-2017 | 10 | |
| 2017-18 | നം കെ എസ് എ എം പി എം4/2860/18 തി.18-01-2019 | 16 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## <u>അനുബന്ധം 1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം4/1092/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി. 24.08.2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ്, അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ 31.3.2019 ൽ അവസാനിച്ച വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്